15 -ാം കേരള നിയമസഭ

6 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221 — 01-09-2022 - ൽ മറുപടിയ്ക്ക്

## കൂടുതൽ സൂപ്പർമാർക്കറ്റുകൾ ഏർപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമാർക്കറ്റിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കൂടുതൽ സൂപ്പർമാർക്കറ്റുകളും ഭക്ഷ്യ, നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് കൂടുതൽ സംവിധാനവും ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പുതിയ സപ്ലൈകോ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ ആവശ്യമായ സാധ്യതാ പഠനം നടത്തി വിൽപ്പന സാധ്യത, ലാഭ-നഷ്ട തോത്, 10.03.2022 തീയതിയിലെ സ.ഉ.(സാധാ) നം.587/2022/LSGD സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ നിന്നുള്ള വാടക രഹിത കെട്ടിടത്തിന്റെ ലഭ്യത, എന്നിവയുടെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഇതുകൂടാതെ സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻ നിർത്തി വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ കെട്ടിട സൗകര്യം ന്യായമായ വാടക നിരക്കിൽ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ സാധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ നിലവിലെ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും ആയി വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഉത്സവ സീസൺ പ്രമാണിച്ച് പൊതു ജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചുവരുന്നു. 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോയിലൂടെ പൊതുവിപണി വിലയേക്കാൾ 20-50 ശതമാനം വിലക്കുറവിൽ നൽകിവരുന്നു. 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയെക്കാൾ 10-20 ശതമാനം വരെ വിലക്കുറവിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ